**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3126** **25-06-2024 - ൽ മറുപടിയ്ക്ക്**

**മുളയ്ക്കൽ ചട്ടമ്പിസ്വാമികളുടെ സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പള്ളിച്ചൽ പഞ്ചായത്തിലെ മുളയ്ക്കലിൽ ചട്ടമ്പിസ്വാമികളുടെ സ്മാരകം നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്തായെന്ന് വിശദമാക്കാമോ; | (എ) | സ.ഉ.(സാധാ)നം.105/2024/CLAD തീയതി, 27-02-2024 പ്രകാരം തിരുവനന്തപുരം മലയിൻകീഴിലെ മച്ചേൽ സ്ഥിതി ചെയ്യുന്ന ചട്ടമ്പി സ്വാമികളുടെ മാതൃഭവനം സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനായി 67 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ 19(1) പ്രഖ്യാപന കാലാവധി 08.08.2024 ന് പൂർത്തിയാകുന്നതാണ്. പ്രസ്തുത തീയതി വരെ 12% അധിക വർധനവ് കണക്കാക്കിയത് പ്രകാരം ₹70,35,319/- ആണ് അവാർഡ് പാസാക്കുന്നതിലേക്ക് ആവശ്യമായി വരുന്നത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് എൽ.എ കോസ്റ്റ് ഇനത്തിൽ ആകെ ആവശ്യമായ ₹70,35,319/- യിൽ നിന്നും ആകെ അനുവദിച്ച ₹62,50,000/- കിഴിച്ച് ബാക്കി ആവശ്യമായ ₹7,85,319/- കൂടി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി അനുവദിച്ച് നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; അതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ